# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 133**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരേ,

നമ്മുടെ വൈദീകരിലൊരാളായ റവ. പ്രിൻസ് വർഗ്ഗീസ് മഠത്തിലേത്ത് സഭയുടെ അനുവാദത്തോടെ ഉപരി പഠനാർത്ഥം അമേരിക്കയിലേക്ക് പോകുകയും 2017 മുതൽ ന്യൂജേഴ്സിയിലുള്ള പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തി വരികയും ചെയ്യുന്നു. ഗവേഷണ പഠനത്തിന് എപ്പിസ്കോപ്പൽ സിനഡ് അനുവദിച്ച കാലാവധി പൂർത്തിയായപ്പോൾ അച്ചനെ ഇന്ത്യയിലേക്ക് മടക്കി വിളിക്കുവാൻ സഭ താല്പര്യപ്പെട്ടു. എന്നാൽ അച്ചൻ തന്റെ ഗവേഷണ പഠനം പൂർത്തീകരിക്കുന്നതിനായി ഒരു വർഷം കൂടി നീട്ടി നല്കണമെന്ന് അപേക്ഷിക്കുകയും, 2023 ൽ എപ്പിസ്കോപ്പൽ സിനഡ് 2023–24 വർഷം കൂടി പഠനത്തിനായി അനുവദിക്കുകയും ചെയ്തു.

ഗവേഷണ പഠനത്തിനുള്ള എക്സ്റ്റൻഷൻ കാലാവധി അവസാനിച്ചപ്പോൾ 2024 മുതൽ പോസ്റ്റ് ഡോക്ടറൽ പഠനത്തിന് രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുവാദത്തിനായി അപേക്ഷിച്ചു. സിനഡിന്റെ തീരുമാനപ്രകാരം നാട്ടിലേക്ക് മടങ്ങണമെന്ന അറിയിപ്പ് അച്ചന് നല്കി. പ്രസ്തുത തീരുമാനം അനുസരിക്കാതെ സഭയുടെ പട്ടത്വ ശുശ്രൂഷയിൽ നിന്നും രാജിവെയ്ക്കുന്നതായി റവ. പ്രിൻസ് വർഗ്ഗീസ് മഠത്തിലേത്ത് മെത്രാപ്പോലീത്തായെ അറിയിക്കുകയും, മെത്രാപ്പോലീത്താ ആയത് സ്വീകരിക്കുകയും ചെയ്തു.

തുടർന്ന് കൂടിയ എപ്പിസ്കോപ്പൽ സിനഡ് റവ. പ്രിൻസ് വർഗ്ഗീസ് മഠത്തിലേത്തിനെ 2024 ജൂൺ മാസം മുതൽ മാർത്തോമ്മാ സഭയുടെ പട്ടത്വ സംബന്ധമായ സകല പദവികളിൽ നിന്നും, ശുശ്രൂഷകളിൽ നിന്നും, അധികാരങ്ങളിൽ നിന്നും ചുമതലകളിൽ നിന്നും വിടർത്തി. പ്രസ്തുത വിവരം ഏവരെയും അറിയിക്കുന്നു.

കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2024 ജൂൺ 24–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 133**

*Blessings to all the Vicars, resident clergy, trustees*
*and members of all the parishes under our authority.*

Dearly beloved in Christ,

Rev. Prince Varghese Madathileth, one of our clergy, went to the United States of America for higher studies with the permission of the Church, and has been studying at the Princeton University in New Jersey since 2017. When the period allowed by the Episcopal Synod for his research was over, he was called to return to India. However, he applied for an extension of one more year to complete his research study, and in 2023 the Episcopal Synod granted his request for another year of study for 2023-24.

After the extension period expired, he requested permission to register for post-doctoral studies from 2024. According to the decision of the Synod, he was informed to return to India. Without obeying the said decision, Rev. Prince Varghese Madathileth informed the Metropolitan that he is resigning from the ministry of the Church, and the Metropolitan accepted the same.

The Episcopal Synod that met subsequently removed Rev. Prince Varghese Madathileth from all privileges, powers and responsibilities of ordained ministry of the Mar Thoma Church with effect from June 2024. This is hereby informed to all.

May the grace of the Lord Jesus Christ be with you all.

Dated 24th June 2024 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan.**